**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2381** **13-09-2023 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ ഉപകരണങ്ങളുടെ ഉല്പാദനം, മെഡിക്കൽ സാങ്കേതിക വിദ്യകളുമായി ബന്ധപ്പെട്ട ഗവേഷണം എന്നിവയുടെ കേന്ദ്രമായി സംസ്ഥാനത്തെ മാറ്റാൻ കഴിയുന്ന കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ പ്രവർത്തനം വിശദമാക്കാമോ? | (എ) | കേരളത്തെ ഒരു മെഡിക്കൽ ടെക്നോളജി ആന്റ് ഡിവൈസ് ഹബ്ബായി ഉയർത്താൻ ലക്ഷ്യമിട്ടുള്ള കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിലിന്റെ (കെ- ഡിസ്ക്) കീഴിലുള്ള കേരള സർക്കാരിന്റെ ഒരു പ്രധാന ആശയമാണ് കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെ.എം.ടി.സി). അടുത്ത പത്തു വർഷം കൊണ്ട് മെഡിക്കൽ ഗവേഷണം, നവീകരണം, സാങ്കേതിക വികസനം, ഉൽപാദനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമാകുന്ന വിധം സംസ്ഥാനത്ത് അനുയോജ്യമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ വിഭാവനം ചെയ്യുന്ന, അത്യധികം നൂതനപരമായ ആശയമാണ് കെ.എം.ടി.സി. സംരംഭകർ പരസ്പരം ഇടപഴകുകയും, പുതിയ അറിവുകൾ ഉൾക്കൊള്ളുകയും, അതിലൂടെ വികസനം സ്വായത്തമാക്കാൻ സഹായിക്കുന്ന ഒരു പുതിയ 'ബിയോണ്ട് ക്ലസ്റ്റർ' മാതൃകയിൽ ആണ് കെ.എം.ടി.സി. വിഭാവനം ചെയ്തിരിക്കുന്നത്. ഇത് ഒരു ഇൻകുബേഷൻ സൗകര്യമായി മാത്രമല്ല പ്രവർത്തിക്കുന്നത് മറിച്ച് പരിശീലനവും ഒപ്പം സാമ്പത്തിക വികസന നയങ്ങളും, സംരംഭകരിലേക്കും അവർ ഉൾപ്പെടുന്ന ഗ്രൂപ്പുകളിലേക്കും വ്യക്തിഗത സ്ഥാപനങ്ങളിലേക്കും ഇവരിൽനിന്നും അകന്നു നിൽക്കുന്നവരിലേക്കും ഒരുപോലെ എത്തിച്ച് ഒരു ക്ലസ്റ്റർ ചിന്ത സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. കെ.എം.ടി.സി, കഴിഞ്ഞ ഒരു വർഷമായി കേരളത്തിൽ മെഡ്ടെക് ക്ലസ്റ്റർ ഇക്കോസിസ്റ്റം വളർത്താനും ഇന്ത്യയിലും വിദേശത്തുമുള്ള നിക്ഷേപകർക്ക് മുന്നിൽ അത് പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾ, കമ്പനികൾ, ഗവേഷണ സ്ഥാപനങ്ങൾ മുതലായവരുമായി ചർച്ചകൾ, സന്ദർശനങ്ങൾ, സെമിനാറുകൾ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ